**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1973</u>** **<u>29-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>മുതലപ്പൊഴിയിലെ അശാസ്ത്രീയ നിർമ്മാണങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എം. വിൻസെന്റ് ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മുതലപ്പൊഴിയിൽ അശാസ്ത്രീയ നിർമ്മാണത്തിന്റെ ഭാഗമായി അപകടങ്ങൾ നടക്കുന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | അപകടങ്ങൾ ഗൗരവമായി കാണുന്നുണ്ട്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം ശാശ്വതമായി അപകടരഹിതമാക്കുന്നതിനായി പുലിമുട്ടുകളുടെ അലൈൻമെന്റ് സംബന്ധിച്ച് പഠനം നടത്തുവാൻ കേന്ദ്ര സർക്കാർ സ്ഥാപനമായ പൂനയിലെ CWPRS –നെ ചുമതലപ്പെടുത്തിയിരുന്നു. CWPRS ഉദ്യോഗസ്ഥർ പല ആവർത്തി സ്ഥലം സന്ദർശിക്കുകയും പ്രാദേശിക മത്സ്യതൊഴിലാളികൾ ജനപ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. CWPRS സമർപ്പിച്ച പഠനറിപ്പോർട്ട് അനുസരിച്ച് തെക്കേ പുലിമുട്ടിന്റെ നീളം കൂട്ടുന്നതിനും, മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമായുള്ള പദ്ധതിയ്ക്ക് PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 01/11/2024 -ൽ കേന്ദ്ര സർക്കാരിന്റെയും 22/11/2024 -ൽ കേരള സർക്കാരിന്റെയും 177.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തെക്കേ പുലിമുട്ടിന്റെ നീളം കൂട്ടുന്ന പ്രവൃത്തിയ്ക്ക് 15/05/2025 -ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. CRZ അനുമതി ലഭിച്ചാലുടൻ പ്രവൃത്തി ആരംഭിക്കുന്നതാണ്. പ്രവൃത്തി പൂർത്തീകരിക്കുന്നതോടു കൂടി മുതലപ്പൊഴി ഹാർബറിന്റെ അഴിമുഖത്തുണ്ടാകുന്ന അപകടങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്. |
| (ബി) | മുതലപ്പൊഴിയിൽ അശാസ്ത്രീയ നിർമ്മാണത്തിന്റെ ഭാഗമായുള്ള അപകടങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | അപകടങ്ങൾ ഗൗരവമായി കാണുന്നുണ്ട്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം ശാശ്വതമായി അപകടരഹിതമാക്കുന്നതിനായി പുലിമുട്ടുകളുടെ അലൈൻമെന്റ് സംബന്ധിച്ച് പഠനം നടത്തുവാൻ കേന്ദ്ര സർക്കാർ സ്ഥാപനമായ പൂനയിലെ CWPRS –നെ ചുമതലപ്പെടുത്തിയിരുന്നു. CWPRS ഉദ്യോഗസ്ഥർ പല ആവർത്തി സ്ഥലം സന്ദർശിക്കുകയും പ്രാദേശിക മത്സ്യതൊഴിലാളികൾ |

| | | | |
|---|---|---|---|
| | | | ജനപ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. CWPRS സമർപ്പിച്ച പഠനറിപ്പോർട്ട് അനുസരിച്ച് തെക്കേ പുലിമുട്ടിന്റെ നീളം കൂട്ടുന്നതിനും, മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമായുള്ള പദ്ധതിയ്ക്ക് PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 01/11/2024 -ൽ കേന്ദ്ര സർക്കാരിന്റെയും 22/11/2024 -ൽ കേരള സർക്കാരിന്റെയും 177.00 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തെക്കേ പുലിമുട്ടിന്റെ നീളം കൂട്ടുന്ന പ്രവൃത്തിയ്ക്ക് 15/05/2025 -ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. CRZ അനുമതി ലഭിച്ചാലുടൻ പ്രവൃത്തി ആരംഭിക്കുന്നതാണ്. പ്രവൃത്തി പൂർത്തീകരിക്കുന്നതോടു കൂടി മുതലപ്പൊഴി ഹാർബറിന്റെ അഴിമുഖത്തുണ്ടാകുന്ന അപകടങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്. |
| (സി) | എങ്കിൽ അതിന്റെ പ്രവൃത്തികൾ എന്ന് മുതൽ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | പ്രവൃത്തിയ്ക്കായി M/s. PKMCO Construction Pvt Ltd–മായി 15/05/2025–ാം തീയതി കരാറിൽ ഏർപ്പെട്ട് 25/05/2025–ാം തീയതി സ്ഥലം കൈമാറി നൽകിയിട്ടുണ്ട്. നിർമ്മാണത്തിന് CRZ ക്ലിയറൻസ് ലഭിക്കുവാനായി KCZMA ആവശ്യപ്പെട്ട രേഖകൾ സഹിതം 08/11/2024 -ൽ അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് 22/01/2025 -ൽ KCZMA യുടെ യോഗത്തിൽ പ്രസന്റേഷൻ സഹിതം ആവശ്യമായ വിശദീകരണം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നൽകിയിരുന്നു. കേരളത്തിന്റെ ഷോർ ലൈൻ മാനേജ്മെന്റ് പ്ലാൻ അന്തിമമാക്കിയതിനു ശേഷം അപേക്ഷ പരിഗണിക്കുന്നതാണെന്ന് KCZMA അറിയിച്ചിട്ടുണ്ട്. CRZ അനുമതി ലഭിച്ചാലുടൻ തെക്കേ പുലിമുട്ടിന്റെ നീളം കൂട്ടുന്ന പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ